ആബിദ് കോലിക്കര

# സയാൻ എന്ന കുസൃതി



ജോലി കഴിഞ്ഞ് വീട്ടിലെത്തിയ നേരം... സയാൻ കൊച്ചുടിവി കാണുന്ന തിരക്കിൽ... (ഈ സയാൻ അത്ര വല്യ ആളൊന്നുമല്ലട്ടോ.. ഇത്തവണ മഴ പെയ്താലും, ഇല്ലെങ്കിലും അവനെ സ്കൂളിൽ കൊണ്ടിരുത്തണം.. ടീച്ചേഴ്സും അനുഭവിക്കട്ടെ.. ഹും) നമ്മുടെയൊക്കെ ചെറുപ്രായത്തിൽ മുതിർന്നവരാരെങ്കിലും വീട്ടിൽ വന്നാൽ എഴുന്നേറ്റോ, അല്ലേൽ കാണുന്ന ടി.വി ഓഫാക്കിയോ മുതിർന്നവരോട് ആദരവ് കാണിക്കും.

എനിക്കും കിട്ടണം ആദരവ്.. ഒന്നുമല്ലെങ്കിൽ ഞാനവന്റെ കൊച്ചാപ്പയല്ലേ? ഈ കൊച്ചാപ്പാനെ മൈൻഡ്


വോട്ടിംഗ് മഷിയിൽ ഉപയോഗിക്കുന്ന പ്രധാന പദാർത്ഥം- സിൽവർ നൈട്രേറ്റ്

# ചായമടിച്ച മരുഭൂമി



അമേരിക്കയിലെ അരിസോണയിൽ സ്ഥിതി ചെയ്യുന്ന മരുഭൂമിയാണ് painted desert അഥവാ ചായമടിച്ച മരുഭൂമി.

ചെയ്യാതെ അവനിങ്ങനെ കൊച്ചുടിവിയും കണ്ടോണ്ടിരുന്നാൽ എങ്ങനെ ശരിയാകും? അങ്ങനെ വിട്ടാൽ പറ്റില്ലല്ലോ? ചെറുപ്രായത്തിലേ മുതിർന്നവരെ ബഹുമാനിക്കാൻ പഠിക്കണ്ടേ...

''ഡാ.. സയാൻ, ടി.വി പിന്നെ കാണാം.. ഈ കൊച്ചാപ്പാക്ക് ഒരു ഗ്ലാസ് വെള്ളം കൊണ്ടുവന്നേ.. അല്ലെങ്കിലും കൊച്ചുകുട്ടികൾ കാണുന്നതാണോ ഈ കൊച്ചുടിവി?'' മുഖത്ത് ദേഷ്യം ഭാവിച്ച് ഞാൻ അലറി. ഉടനെത്തന്നെ ടിവിയുടെ റിമോട്ടും കൈക്കലാക്കി, ചാനലും മാറ്റി.

അതുവരെ കൊച്ചുടിവി ആസ്വദിച്ചു കണ്ടിരുന്ന അവന്റെ മുഖം കറുത്തു.. കരയുമെന്ന അവസ്ഥ.. (അവന്റെ കരച്ചിൽ കാണാൻ പ്രത്യേക രസം തന്നെ) ''ടാ... മണ്ടാ, കൊച്ചുടിവി വെച്ചു താ..'' വെള്ളം കൊണ്ടുവന്നാൽ വെച്ചുതരാമെന്ന് ഞാനും.. അങ്ങനെ വിട്ടാൽ പറ്റില്ലല്ലോ? എനിക്കുമില്ലേ വാശി.. എപ്പോഴും കുട്ടികളുടെ വാശിക്കുമുന്നിൽ നമ്മൾ തോൽക്കും... ഇന്ന് ഞാൻ തന്നെ ജയിക്കും.

വെള്ളം കൊടുത്താൽ കൊച്ചുടിവി കാണാലോ എന്ന് കരുതിയാവണം അവൻ കട്ടിലിൽ നിന്നും ഇറങ്ങി വീടിന്റെ വടക്കേപുറം ലക്ഷ്യമാക്കി നീങ്ങി. കുട്ടി അനുസരണ പഠിച്ചുതുടങ്ങി എന്ന ചിന്തയുമായി ഞാനിരുന്നു.

അതാ വരുന്നു സയാൻ... നല്ലകുട്ടിയായി സ്റ്റീൽ ഗ്ലാസിൽ വെള്ളവുമായി.. വെള്ളത്തിന്റെ ഗ്ലാസ് എനിക്കു സമ്മാനിച്ച് റൂമിന്റെ വാതിലിൽ മറഞ്ഞു നിൽക്കുന്നത് ഞാൻ കണ്ടു.

ഹും.. അങ്ങനെ വഴിക്കുവാ.. എന്ന മട്ടിൽ ഞാൻ അഹന്തതയോടെ വെള്ളം കുറച്ച് വായിലേക്ക് ഒഴിച്ചു. രുചിവ്യത്യാസം മനസ്സിലാക്കിയ ഞാൻ ഗ്ലാസ്സിന്റെ ഉൾവശം നോക്കിയപ്പോൾ കണ്ടത്.. വെള്ളത്തിൽ വെണ്ണീറും കല്ലിൻ കഷണങ്ങളും നിറച്ചിരിക്കുന്നു... ഡാ.. എന്ന് അലറുമ്പോഴേക്കും അവൻ വാതിലിന്റെ മറവിൽ നിന്ന് ചിരിച്ചുകൊണ്ട് ഉമ്മയുടെ പിറകിലേക്ക് ഓടി ഒളിച്ചിരുന്നു.

✦